# <u>പത്രക്കുറിപ്പ്</u>

നിരോധിത മയക്ക് മരുന്നുകളുടെ സംഭരണത്തിലും വിപണനത്തിലും ഏർപ്പെട്ടിരിക്കുന്നവരെ കണ്ടുപിടിച്ച് കർശന നിയമ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി കേരളാ പോലീസ് ഇന്നലെ (23.09.2023 തീയതി) സംസ്ഥാന വ്യാപകമായി **<u>'ഓപ്പറേഷൻ ഡി ഹണ്ട്</u>** ' എന്ന പേരിൽ ഒരു സ്പെഷ്യൽ ഡ്രൈവ് സംഘടിപ്പിക്കുകയുണ്ടായി. മയക്ക് മരുന്ന് വിപണനത്തിൽ ഏർപ്പെടുന്നതായി സംശയിക്കുന്നവരെക്കുറിച്ച് മുൻകൂട്ടി രഹസ്യ വിവരങ്ങൾ ശേഖരിച്ച ശേഷം ഇവരെ തുടർച്ചയായി നിരീക്ഷണത്തിൽ വയ്ക്കുകയും, പിന്നീട് ലഭിച്ച സൂചനകളുടെ അടിസ്ഥാനത്തിൽ ഇവർ മയക്ക് മരുന്ന ഉൽപ്പനങ്ങൾ സൂക്ഷിക്കുവാൻ സാധ്യതയുള്ള ഇടങ്ങളിൽ റെയിഡുകൾ സംഘടിപ്പിക്കുകയുമാണ് ഉണ്ടായത്.

ഇന്നലെ (23.09.2023) നടന്ന **'ഓപ്പറേഷൻ ഡി ഹണ്ടിന്റെ'** ഭാഗമായി മയക്ക് മരുന്ന് വിൽപ്പനയിൽ എർപ്പെടുന്നതായി സംശയിക്കുന്ന 1373 പേരെ പരിശോധനയ്ക്ക് വിധേയമാക്കുകയും വിവിധ തരത്തിലുള്ള നിരോധിത മയക്ക് മരുന്ന് കൈവശം വച്ചതിന് 246 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും, 244 പേരെ അറസ്റ്റ് ചെയ്യുകയുമാണ് ഉണ്ടായത് . ഈ കേസ്സുകളിൽ എല്ലാം കൂടി രാജ്യാന്തര വിപണിയിൽ ലക്ഷക്കണക്കിന് രൂപ വിലമതിക്കുന്ന മാരക മയക്ക് മരുന്നായ എം.ഡി.എം.എയും, കൂടാതെ കിലോക്കണക്കിന് കഞ്ചാവും, ഹാഷിഷ് ഓയിലും, ബ്രൗൺ ഷുഗറും എല്ലാം പോലീസ് ഇവരിൽ നിന്ന് പിടിച്ചെടുക്കുകയുണ്ടായി.

കേരളാ സംസ്ഥാന പോലീസ് മേധാവി ഡോ.ഷേയ്ഖ് ദർവേഷ് സാഹിബ് ഐ.പി.എസ്സിന്റെ നിർദ്ദേശാനുസരണം ക്രമസമാധാന പാലന വിഭാഗം പോലീസ് അഡീഷണൽ ഡയറക്ടർ ജനറലും സംസ്ഥാനത്തെ ആന്റി നാർക്കോട്ടിക്സ് ടാസ്ക്ക് ഫോർഴ്സ് തലവനും ആയ എം.ആർ.അജിത്കുമാർ ഐ.പി.എസ്സിന്റെ നേതൃത്വത്തിൽ പുതുതായി രൂപീകരിക്കപ്പെട്ട റേഞ്ച് ലെവൽ എൻ.ഡി.പി.എസ് കോർഡിനേഷൻ സെല്ലും, അതാത് ജില്ലാ പോലീസ് മേധാവിമാരും ചേർന്നാണ് ഓപ്പറേഷൻ

ഡി ഹണ്ട് നടത്തിയത്.  സ്ഥിരമായി മയക്ക് മരുന്ന് കച്ചവടം നടത്തുന്ന ആൾക്കാരുടെ ഡേറ്റാ ബാങ്ക് തയ്യാറാക്കിയും മയക്ക് മരുന്ന് കേസ്സുകളിൽ ജയിൽ ശിക്ഷ അനുഭവിച്ചിട്ടുള്ളവരുമായി ബന്ധമുള്ള വ്യക്തികളെയും ഒരു മാസത്തോളം നിരീക്ഷണം നടത്തിയ ശേഷമാണ്  ഓപ്പറേഷൻ ഡി ഹണ്ട് നടത്തുന്നതിനുള്ള നടപടികൾക്ക്  സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകിയത്.

സംസ്ഥാനത്തെ ആന്റി നാർക്കോട്ടിക്സ് ടാസ്ക്ക് ഫോർഴ്സ് തലവനായ ക്രമസമാധാന പാലന വിഭാഗം പോലീസ് അഡീഷണൽ ഡയറക്ടർ ജനറൽ എം.ആർ.അജിത്കുമാർ ഐ.പി.എസ്സിന്റെ കീഴിൽ പൊതുജനങ്ങളിൽ നിന്ന് മയക്ക് മരുന്ന് സംബന്ധിച്ച വിവരങ്ങളും മറ്റും സ്വീകരിച്ച് നടപടികൾ കൈകൊള്ളുന്നതിലേക്കായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ആന്റി നാർക്കോട്ടിക്ക് കൺട്രോൾ റൂം (9497927797) നിലവിലുണ്ട്. ഈ നമ്പറിലേക്ക് വിളിക്കുന്നവരുടെ വിവരങ്ങൾ രഹസ്യമായാണ് സൂക്ഷിക്കുന്നത്. ഈ നമ്പറിൽ കൂടി ലഭിക്കുന്ന വിവരങ്ങളിന്മേൽ പോലീസ് സ്വീകരിച്ച നടപടികൾ ആവശ്യമെങ്കിൽ ബന്ധപ്പെട്ട വിവരം നൽകിയ ആളെ അറിയിക്കാറുമുണ്ട്.

മയക്ക് മരുന്നിനെതിരെയുള്ള നടപടികൾ ശക്തമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ആന്റി നാർക്കോട്ടിക്സ് ടാസ്ക്ക് ഫോർഴ്സ് തലവനായ ക്രമസമാധാനപാലന വിഭാഗം പോലീസ് അഡീഷണൽ ഡയറക്ടർ ജനറലിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ സംസ്ഥാന തലത്തിൽ ആന്റി നാർക്കോട്ടിക്ക്സ് ഇന്റലിജൻസ് സെല്ലും,  റേഞ്ച് തലത്തിൽ എൻ.ഡി.പി.എസ് കോർഡിനേഷൻ സെല്ലും, റേഞ്ച് തല ആന്റി നാർക്കോട്ടിക്ക്സ് ഇന്റലിജൻസ് സെല്ലും പ്രവർത്തിക്കുന്നുണ്ട്. സ്ഥിരമായി മയക്കുമരുന്നുമായി ബന്ധപ്പെട്ട ഇടപാടുകൾ നടത്തുന്നവരുടെ ഡാറ്റാ ബാങ്ക് തയ്യാറാക്കി നിരന്തരമായി നിരീക്ഷണം നടത്തി ഓപ്പറേഷൻ ഡി ഹണ്ട് തുടർന്നും നടത്തുമെന്നും കേരളാ സംസ്ഥാന പോലീസ് മേധാവി ഡോ.ഷേയ്ഖ് ദർവേഷ്  സാഹിബ് ഐ.പി.എസ്സ് അറിയിച്ചിട്ടുണ്ട്.

...............